**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4529** **10-08-2021 - ൽ മറുപടിയ്ക്ക്**

**അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ-എയ്ഡഡ് മേഖലയിലും വിവിധ യൂണിവേഴ്സിറ്റി വകുപ്പുകളിലും അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി എത്രയെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ സർക്കാർ-എയ്ഡഡ് മേഖലയിലും വിവിധ യൂണിവേഴ്സിറ്റി വകുപ്പുകളിലും അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി 40 വയസ്സാണ്. |
| (ബി) | അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് അപേക്ഷിക്കുന്നതിനുള്ള നിലവിലെ പ്രായപരിധി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് സംസ്ഥാന ഹയർ എഡ്യൂക്കേഷൻ കൗൺസിൽ സർക്കാരിലേക്ക് എന്തെങ്കിലും പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (ബി) | സംസ്ഥാന ഹയർ എഡ്യൂക്കേഷൻ കൗൺസിൽ സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ തലത്തിൽ പരിശോധിച്ചു വരുന്നു. |
| (സി) | പ്രസ്തുത തസ്തികയിലേക്ക് അപേക്ഷിക്കുന്നതിനുള്ള നിലവിലെ പ്രായപരിധി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് യു.ജി.സി. നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശത്തിൻമേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്; | (സി) | അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി സംബന്ധിച്ച് യു.ജി.സി റെഗുലേഷൻ 2018 – ൽ പ്രത്യേക നിർദ്ദേശങ്ങളൊന്നും പരാമർശിച്ചിട്ടില്ല. |
| (ഡി) | എൻട്രി കേഡറായ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി 45 വയസ്സായി ഉയർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ഡി) | അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി സംബന്ധിച്ച് സർക്കാർ തലത്തിൽ പരിശോധന നടന്നു വരുന്നു. |
| (ഇ) | അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിനുള്ള പ്രായപരിധി എടുത്തുകളയുന്നതിനുള്ള യു.ജി.സി. നിർദ്ദേശത്തിൻമേൽ യൂണിവേഴ്സിറ്റികൾ സ്വീകരിച്ച നിലപാട് വ്യക്തമാക്കാമോ? | (ഇ) | വിവിധ യൂണിവേഴ്സിറ്റികളിൽ അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേക്ക് നിയമനം നടത്തുന്നതിന് പ്രായപരിധി നിഷ്കർഷിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ